Senior Care

# കൂട്ടുകുടുംബം പോലെ ഒരു വയോജനമന്ദിരം



## മാതൃകാവൃദ്ധസദനത്തിനുള്ള അംഗീകാരം നേടിയ കറുകച്ചാലിലെ ട്രാവൻകൂർ ഫൗണ്ടേഷന്റെ രീതികൾ അറിയാം

ഏറെ ചിന്താപൂർവം ഡിസൈൻ ചെയ്തത് (തോട്ട്ഫുളി ഡിസൈൻഡ്
സീനിയർ ലിവിങ് സ്പെയ്സ്) എന്നാണ് കോട്ടയത്ത് കറുകച്ചാലി
നടുത്തുള്ള ട്രാവൻകൂർ ഫൗണ്ടേഷൻ എന്ന സീനിയർ കെയർ ഫെ
സിലിറ്റിയുടെ വെബ്സൈറ്റിലെ പരസ്യവാചകം. അസോസിയേഷൻ ഓഫ് സീ
നിയർ ലിവിങ് ഇന്ത്യ പാർട്നേഴ്സും (Asli) സ്റ്റാൻഡാർഡ് വൈസ് ഇന്റർനാഷ
നൽ ഇന്ത്യയും ചേർന്ന് വയോജനകേന്ദ്രങ്ങളെ വിലയിരുത്താനും അംഗീകരി
ക്കാനുമായി തുടക്കം കുറിച്ചപ്പോൾ തെക്കേ ഇന്ത്യയിൽ നിന്ന് അംഗീകാരം നേ
ടിയ ഏക വയോജനമന്ദിരമാണ് ട്രാവൻകൂർ ഫൗണ്ടേഷൻ. പ്രായമായവരെക്കു
റിച്ചുള്ള കരുതലും ചിന്തയും കലർന്ന രൂപകൽപനയും പരിചരണ സംവിധാന
ങ്ങളുമാണ് ഈ മികവിലേക്ക് തങ്ങളെ എത്തിച്ചതെന്ന് സ്ഥാപകനും മാനേജി
ങ് ട്രസ്റ്റിയുമായ ജിജി ഫിലിപ് പറയുന്നു.

കറുകച്ചാൽ ചങ്ങനാശ്ശേരി റൂട്ടിൽ ഒരു കുന്നിനു മുകളിൽ മൂന്നര ഏക്കറോ
ളം വരുന്ന സ്ഥലത്താണ് ട്രാവൻകൂർ ഫൗണ്ടേഷൻ സ്ഥിതിചെയ്യുന്നത്. 2005
ലാണ് പ്രായംചെന്നവർക്കായി ഒരിടം എന്ന ആശയം ജിജി ഫിലിപ്പിന്റെ മനസ്സിൽ
മുളപൊട്ടുന്നത്. ധാരാളം ആളുകളുമായി ചർച്ച ചെയ്ത്, വിദേശത്തെ സീനി
യർ കെയർ സംവിധാനങ്ങളെക്കുറിച്ച് പഠിച്ച്, നീണ്ടനാളത്തെ ആലോചനയ്ക്കു
ശേഷം 2009ലാണ് ആ സ്വപ്നം ട്രാവൻകൂർ ഫൗണ്ടേഷനെന്ന യാഥാർഥ്യമാകു
ന്നത്. 400 സ്ക്വയർ ഫീറ്റുള്ള നല്ല പ്രകാശമുള്ള , വായു സഞ്ചാരമുള്ള റൂമുകൾ,
തെന്നിവീഴാത്ത ടൈലുകൾ, പ്രായമായവർക്ക് അനായാസം നടക്കാവുന്ന വീ
തിയുള്ള നടപ്പാതകൾ, ഇടയ്ക്കിടെ പിടിച്ചുനിൽക്കാൻ കൈപ്പിടികൾ, ലിഫ്റ്റ്

കറുകച്ചാലിലെ ട്രാവൻകൂർ ഫൗണ്ടേഷൻ



സംവിധാനം, വീൽചെയറിൽ സഞ്ചരിക്കാനുള്ള സൗകര്യം എന്നിങ്ങനെ പരിപൂർണ വയോജനസൗഹൃദമായിട്ടാണ് ഇവിടെയുള്ള 62 സ്യൂട്ട്റൂമുകളും പണിതീർത്തിരിക്കുന്നത്.

''ഓരോരുത്തരും ജീവിച്ച സാഹചര്യങ്ങൾ വ്യത്യസ്തമായിരിക്കും. അതു കണ്ടു വിലയിരുത്തി അവർക്കു യോജിച്ചുപോകാവുന്ന, കഴിയുന്നത്ര വ്യക്തിഗതമായ ഒരു ഇടം ഒരുക്കാൻ ട്രാവൻകൂർ ഫൗണ്ടേഷൻ ശ്രമിക്കാറുണ്ട്.'' ജിജി പറയുന്നു. '' ചിലർക്ക് അവർക്ക് പതിവായി ഉപയോഗിക്കുന്ന ചാരുകസേര, എഴുത്തുമേശ പോലുള്ള പ്രിയപ്പെട്ട ഫർണിച്ചറുകൾ കൂടെ കൂട്ടണമെന്നുണ്ടാകും. അത്തരം ചില കസ്റ്റമൈസേഷനുകൾ ഇവിടെ സാധ്യമാണ്.

മൂന്നുമാസം കൂടുമ്പോഴുള്ള റസിഡന്റ് അസസ്മെന്റ് ആണ് മറ്റൊരു പ്രത്യേകത. തങ്ങൾക്കു ലഭിക്കുന്ന പരിചരണത്തെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും താമസക്കാർക്ക് വിലയിരുത്താം. ആരോഗ്യസ്ഥിതി, ഡയറ്റ്, മരുന്നുകൾ, എന്തെങ്കിലും പ്രത്യേക വൈദ്യപരിചരണം വേണ്ടതുണ്ടോ എന്നിവയെല്ലാം പരിശോധിക്കും. 24 മണിക്കൂറും വൈ ഫൈ സൗകര്യം ഉള്ളതിനാൽ മക്കൾക്ക് ഓൺലൈനായി ഇതെല്ലാം കേൾക്കാം, കാണാം. നിർദേശങ്ങൾ പറയാം. ഈ വിലയിരുത്തൽ അനുസരിച്ച് ആവശ്യമെങ്കിൽ രോഗികളുടെ പരിചരണപദ്ധതികൾ പുതുക്കുന്നു.

ഈ സുതാര്യത ഫൗണ്ടേഷന്റെ ദൈനംദിന പ്രവർത്തനങ്ങളിലെല്ലാമുണ്ട്. ഭക്ഷണത്തിന്റെ മെനു തീരുമാനിക്കുന്നതു തുടങ്ങി ഫൗണ്ടേഷന്റെ ലാഭവും നഷ്ടവും ശമ്പളചെലവും ഉൾപ്പെടെ എല്ലാ സാമ്പത്തിക കാര്യങ്ങളും താമസക്കാരെ അറിയിച്ചാണ് ചെയ്യുന്നത്. ''

## കൂട്ടുകുടുംബം പോലെ

''ഒരു കൂട്ടുകുടുംബം നടത്തുകയാണ് എന്നാണ് ഞാൻ വിചാരിക്കാറ്. എന്റെ അച്ഛനും എനിക്കൊപ്പം ഇവിടെ താമസിക്കുന്നു. 71 നഴ്സുമാർ, മൂന്നു ഫിസിയോതെറപ്പിസ്റ്റുകൾ, ഡയറ്റീഷൻ, അഞ്ച് സോഷ്യൽ വർക്കർമാർ തുടങ്ങി 140 സ്റ്റാഫ് ഉണ്ട്. ഇവരിൽ മിക്കവരും ഇവിടെത്തന്നെയാണ് താമസിക്കുന്നത്.

മണിയടിക്കുമ്പോൾ കഴിക്കണം, കൃത്യസമയത്ത് ഉറങ്ങണം എന്ന മട്ടിലുള്ള കർശനചിട്ടകൾ ഇവിടില്ല. എല്ലാത്തിനും സമയപരിധി ഉണ്ടെങ്കിലും താമസക്കാരുടെ വ്യക്തിപരമായ ഇഷ്ടങ്ങളെക്കുറിച്ചുള്ള കരുതലുണ്ട്. ചിലർക്ക് പ്രത്യേകം തെറാപ്യൂട്ടിക് ഡയറ്റ് വേണ്ടതുണ്ട്. അവരുടെ താൽപര്യം കൂടി പരിഗണിച്ചാകും അത് ചിട്ടപ്പെടുത്തുക. ഒഴിവുനേരങ്ങൾ ബോറടിക്കാതെ ചെലവഴിക്കാൻ ചെസ്സ്, കാരംസ്, കാർഡ്സ് പോലുള്ള ഇൻഡോർ ഗെയിമുകളും ആക്ടിവിറ്റികളും ഉണ്ട്. അൽസ്ഹൈമേഴ്സ്, ഡിമൻഷ്യ പ്രതിരോധത്തിന് ഓർമ മെച്ചപ്പെടുത്താനുള്ള ആക്ടിവിറ്റികൾ, വ്യായാമ പരിശീലനം പോലെ തെറാപ്യൂട്ടിക് ആക്ടിവിറ്റികളുമുണ്ട്.

പ്രായമായിക്കഴിയുമ്പോൾ വീഴ്ച, അണുബാധ, മല-മൂത്രസംബന്ധിയായ പ്രശ്നങ്ങൾ, ഭാരനഷ്ടം, കിടപ്പുരോഗികളാണെങ്കിൽ വ്രണങ്ങൾ വരിക എന്നിവയ്ക്കൊക്കെ സാധ്യത കൂടുതലാണ്. അവ വരാതിരിക്കാൻ പരിചരണപദ്ധതികളുണ്ട്.ഡോക്ടർ ഓൺ കോൾ സംവിധാനവുമുണ്ട്.

ദിവസവും മരുന്നു കഴിച്ചു എന്നുറപ്പാക്കാൻ റജിസ്റ്റർ സംവിധാനം, മരുന്നു മാറിപ്പോകാതിരിക്കാൻ പ്രത്യേക മെഡിസിൻ കാർട്ട് എന്നിങ്ങനെ വയോജന പരിചരണത്തിൽ സാധാരണ വരുന്ന പിഴവുകൾ ഒഴിവാക്കാനുള്ള ശ്രമങ്ങളുമുണ്ട്. ഫൗണ്ടേഷന്റെ ചെയർപേഴ്സണും ന്യൂയോർക്ക് മേഴ്സി കോളജിലെ ക്ലിനിക്കൽ ജെറന്റോളജിസ്റ്റുമായ ഡോ.രേണു ഏബ്രഹാം വർഗീസിന്റെ നേതൃത്വത്തിലാണ് ഇവിടുത്തെ പരിചരണപദ്ധതികൾ തയാറാക്കിയിരിക്കുന്നത്.

ആരോഗ്യാവസ്ഥ അനുസരിച്ച് മാസം മുപ്പതിനായിരം രൂപ മുതൽ ചെലവു വരും താമസത്തിന്. എല്ലാ ദിവസവും രാവിലെ 8 മുതൽ വൈകുന്നേരം വരെ സന്ദർശകരെ അനുവദിക്കാറുണ്ട്. വിദേശത്തുള്ള മക്കൾക്ക് അവധിക്കാലത്ത് ഇവിടെ മാതാപിതാക്കളോടൊപ്പം മൂന്നു മാസം വരെ താമസിക്കാം. അതിനു പ്രത്യേകം ഗസ്റ്റ് റൂമുകളുണ്ട്.

## പരിശീലനത്തിന് കോഴ്സുകൾ

വയോജനങ്ങളുടെ പരിചരണത്തിനായുള്ള അറിവും പ്രായോഗികപരിചയവും ഉള്ളവരുടെ എണ്ണം വളരെ കുറവാണ്. ഈ പ്രശ്നം പരിഹരിക്കാൻ ട്രാവൻകൂർ ഫൗണ്ടേഷൻ എജ്യൂക്കേഷൻ ആൻഡ് റിസർച്ച് സെന്റർ ('TFERCA) എന്ന പേരിൽ ഭാരതിയാർ യൂണിവേഴ്സിറ്റിയുമായും കുട്ടിക്കാനം മരിയൻ കോളജുമായും ചേർന്ന് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ കോഴ്സുകൾ നടത്തുന്നു. കോഴ്സ് കഴിഞ്ഞവർക്ക് ഇവിടെത്തന്നെ ജോലി ചെയ്യാനുള്ള അവസരവും നൽകുന്നു.

**ആശാ തോമസ്**


താമസക്കാരു... ഇഷ്ടങ്ങളെക്കുറിച്ചു... കരു... വൃദ്ധസദനത്തിൽ പ്രധാനമാണ്

**വ്യക്തിപരമായ കാര്യങ്ങൾ, ഭക്ഷണം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നതോടൊപ്പം ആരോഗ്യവും ഓർമയും മെച്ചപ്പെടുത്താനുള്ള പരിചരണ-പരിശീലന പദ്ധതികളും ഇവിടെയുണ്ട്**



Scanned with CamScanner